# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2728 — 06.02.2018 ലെ മറുപടി

## എലവഞ്ചേരി ഗ്രാമപഞ്ചായത്തിലെ ചെറുകിട ജലസേചന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ബാബു: | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) എലവഞ്ചേരി ഗ്രാമപഞ്ചായത്തിലെ മിണുക്കശ്ശേരി ഞാറയ്ക്കൽമട പാടശേഖര സമിതി പ്രദേശത്ത് ചെറുകിട ജലസേചന പദ്ധതിയുടെ ആവശ്യകത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; | (എ) എലവഞ്ചേരി ഗ്രാമപഞ്ചായത്തിലെ മിണുക്കശ്ശേരി ഞാറയ്ക്കൽമട പാട ശേഖര സമിതി പ്രദേശത്ത് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ആവശ്യകത സംബന്ധിച്ച് പ്രാഥമിക പഠനം നടത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് മൈനർ ഇറിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;<br><br>(സി) പ്രസ്തുത ചെറുകിട ജലസേചന പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾക്ക് എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കാനുള്ളത്; ഈ പദ്ധതി എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ? | (ബി) & (സി)<br><br>പദ്ധതി നടത്തിപ്പിനായി 124 ലക്ഷം രൂപ (പര്യവേഷണ പ്രവൃത്തി ഉൾപ്പെടെ) ജില്ലാ ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ കളക്ടറേറ്റിലെ പ്ലാനിംഗ് വിഭാഗം മുഖേന 2017 ൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കി പ്രവർത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ